"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊച്ചി നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി രാജേശ്വരി എൽ. -നെതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.63/2026/LSGD തീയതി,തിരുവനന്തപുരം, 08-01-2026

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.10.2015 തീയതിയിലെ ഇ7(എസ്.സി 155/14/ഇ.കെ.എം) 36472/2015നം. കത്ത്
2. 04.02.2021 തീയതിയിലെ ഇയു2-84/2016/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. 29.07.2021 തീയതിയിലെ സ.ഉ(സാധാ) നം.1422/2021/തസ്വഭവ
4. കൊച്ചി റീജിയണൽ നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 08.06.2022 തീയതിയിലെ ജി1-2966/ആർ.ജെ.ഡി നമ്പർ റിപ്പോർട്ട്.
5. പ്രിൻസിപ്പൽഡയറക്ടറുടെ 11.08.2023, 18.10.2023,13.11.2024 തീയതികളിലെ LSGD/PD/55539/2023-VIGC4 നമ്പർ കത്തുകൾ.
6. 05.05.2025തീയതിയിലെ ഇയു2-84/2016/ തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
7. ശ്രീമതി രാജേശ്വരി എൽ. സമർപ്പിച്ച 03.06.2025 തീയതിയിലെ മറുപടി.
8. പ്രിൻസിപ്പൽഡയറക്ടറുടെ 15.07.2025 തീയതിയിലെ LSGD/PD/55539/2023-VIGC4 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി കോർപ്പറേഷനിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി വാടകയ്ക്ക് എടുത്ത ടിപ്പർ ലോറികൾ കരാർ കാലാവധി കഴിഞ്ഞിട്ടും ടെണ്ടർ നടപടികൾ കൂടാതെ തുടർന്നും ഓടിക്കുന്നതിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം യൂണിറ്റ് 19.11.2014- ൽ കൊച്ചി കോർപ്പറേഷനിൽ മെയിൻ ഓഫീസിലെ ഹെൽത്ത് വിഭാഗത്തിൽ നടത്തിയ പരിശോധനയിൽ 2014-15 സാമ്പത്തിക വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ടിപ്പർ ലോറികൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കാലതാമസം സംഭവിച്ചു കാരണം 01.04.2014 മുതൽ 19.11.2014 വരെ കൊച്ചി കോർപ്പറേഷന് ₹12,89,475/-അധികമായി ചെലവഴിക്കേണ്ടി

വന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത ക്രമക്കേടിന് കൊച്ചി നഗരസഭയിലെ ഹെൽത്ത് വിഭാഗത്തിലെ ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടികളുടെ ഭാഗമായി കൊച്ചി കോർപ്പറേഷനിലെ മറ്റ് ഉദ്യോസ്ഥർ ഉൾപ്പെടെ സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി രാജേശ്വരി എൽ.-നെതിരെ പരാമർശം 2 പ്രകാരം കഠിനശിക്ഷയുള്ള കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. ശ്രീമതി രാജേശ്വരി എൽ. കുറ്റാരോപണമെമ്മോയ്ക്ക് മറുപടി സമർപ്പിക്കുകയും, ടിയാരിയുൾപ്പടെയുള്ളവർക്കെതിരായ ക്രമക്കേടുകളിൽ ഔപചാരികഅന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് പരാമർശം 3 പ്രകാരം ഉത്തരവാകുകയും ചെയ്തു.

3. ഇക്കാര്യത്തിൽ പരാമർശം 4 പ്രകാരം സമർപ്പിച്ച അന്വേഷണറിപ്പോർട്ടിൽ, കൊച്ചി കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കിയ ഫയൽ രേഖകളും മുൻകാല റിപ്പോർട്ടുകളും, ഇന്റേണൽ വിജിലൻസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടും പരിശോധിച്ചതിൽ നിന്ന് ടെണ്ടർനടപടികൾ സ്വീകരിയ്ക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് മനപൂർവ്വമായ വീഴ്ച സംഭവിച്ചിട്ടില്ല എന്ന് കാണുന്നുവെന്നും ആയതിനാൽ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും മാലിന്യ നിർമ്മാർജ്ജനം തടസ്സപ്പെടാതിരിക്കാനാണ് കേരളാ മുനിസിപ്പാലിറ്റിആക്ട് സെക്ഷൻ 15 പ്രകാരമുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് മാലിന്യ നിർമ്മാർജ്ജനത്തിനായി ടിപ്പർ ലോറികൾ തുടർന്നും മുൻവർഷത്തെ നിരക്കിൽ ശ്രീ.എൻ.ആർ.ഷാജിക്ക് തന്നെ കരാർ അനുവദിക്കുന്നതിന് ബഹു.മേയർ മുൻകൂർ അനുമതി നൽകിയിട്ടുള്ളത് എന്നും അറിയിക്കുകയുണ്ടായി. മുൻകൂർ അനുമതി കൗൺസിൽ അംഗീകരിച്ചിട്ടുള്ളതുമാണ് എന്നതിനാൽ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് എടുത്ത തീരുമാനം മൂലം നഗരസഭയ്ക്കുണ്ടായ അധിക ചെലവ് നഷ്ടമായി കണക്കാക്കാനാവില്ല എന്ന് വിലയിരുത്താവുന്നതാണെന്നും കൂടാതെ മാലിന്യ നീക്കവുമായി ബന്ധപ്പെട്ട് കരാറുകാർക്ക് വാടക ഇനത്തിൽ അധികമായി തുക നൽകിയത് മൂലം തിരികെ ഈടാക്കേണ്ടതായി ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ₹54,79,290/-(അൻപത്തി നാലുലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി ഇരുനൂറ്റി തൊണ്ണൂറ് രൂപ മാത്രം) ആയി നിജപ്പെടുത്തിയിട്ടുള്ളതുമാണ് എന്ന് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. മേൽ വിഷയത്തിലെ അന്വേഷണറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 5 റിപ്പോർട്ട് പ്രകാരം കൊച്ചി കോർപ്പറേഷനിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി വാടകയ്ക്ക് എടുത്ത ടിപ്പർ ലോറികൾ കരാർ കാലാവധി കഴിഞ്ഞിട്ടും ടെണ്ടർ നടപടികൾ കൂടാതെ തുടർന്നും ഓടിക്കുന്നതിലെ ക്രമക്കേടുകളിൽ കൊച്ചി നഗരസഭയിലെ ആരോപണവിധേയരായ ജീവനക്കാർ മനപൂർവ്വമായ വീഴ്ചവരുത്തിയതായി കാണുന്നില്ല എന്നതിനാൽ ടിയാളുകളെ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേൽ വിഷയത്തിലുള്ള അന്വേഷണഉദ്യോഗസ്ഥന്റേയും പ്രിൻസിപ്പൽ ഡയറക്ടറുടെയും ശിപാർശ അംഗീകരിക്കാനാകുന്നതല്ലായെന്ന് കണ്ട് തുടർനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. അതിൻപ്രകാരം കൊച്ചി നഗരസഭയിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി രാജേശ്വരി എൽ.-നെതിരെ KCS(CCA) Rules 1960 റൂൾ 15 പ്രകാരം ആരംഭിച്ചിരുന്ന അച്ചടക്കനടപടി ടിയാളുടെ 2 വാർഷികവേതനവർദ്ധനവുകൾ സഞ്ചിത ഫല പ്രാബല്യത്തോടെ തടയുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം 6 പ്രകാരം കാരണം കാണിക്കൽ നോട്ടീസ്

നൽകിയിരുന്നു .

6. കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി രാജേശ്വരി എൽ. സമർപ്പിച്ച മറുപടിയിൽ 2013 ജൂലൈയിൽ കൊച്ചി നഗരസഭയിലെ MOH സെക്ഷന്റെ ചാർജ്ജ് ഏറ്റെടുത്ത താൻ ടി സെക്ഷനിലെ ടിപ്പർലോറിയുടെ ടെണ്ടർ കാലാവധി 31.03.2014 ൽ അവസാനിക്കുന്നതായി മനസ്സിലാക്കി 01.04.2014 മുതലുള്ള പുതിയ ടെണ്ടറിന് 25.10.2013 ന് തന്നെ ഒരു പുതിയ ഫയൽ ഓപ്പൺ ചെയ്ത് തുടർനടപടികൾക്ക് സമർപ്പിച്ചിട്ടുണ്ടായിരുന്നതായും 27.12.2013 ലെ E6-5401-13 (4) നമ്പർ ഉത്തരവ് പ്രകാരം തനിക്ക് HI/RI തസ്തികയിൽ പ്രൊമോഷൻ ലഭിച്ചതിനെ തുടർന്ന് 04.01.2014 ൽ കൊച്ചി നഗരസഭയുടെ സേവനത്തിൽ നിന്നും വിടുതൽ ചെയ്ത് തൃപ്പൂണിത്തുറ നഗരസഭയിലേക്ക് സ്ഥലംമാറി പോയിട്ടുള്ളതാണ് എന്നും അറിയിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ 01.04.2014 മുതലുള്ള ധനനഷ്ടത്തിന് ടിയാൾ ഉത്തരവാദിയല്ലെന്നും തുടർനടപടി സ്വീകരിക്കേണ്ട ഫയലുകൾ മറ്റൊരു സെക്ഷൻ ക്ലാർക്കായ ശ്രീ.പ്രമോദ് പിള്ളയ്ക്ക് രേഖാമൂലം കൈമാറിയ ശേഷമാണ് ടിയാൾ കൊച്ചി നഗരസഭയിൽ നിന്നും ട്രാൻസ്ഫർ ആയിട്ടുള്ളതെന്നും അറിയിക്കുന്നു. അധികമായി ചെലവ് വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുള്ളതിനാലും സാങ്കേതിക കാരണങ്ങളാൽ ടെണ്ടർ വൈകിയതിനാൽ മുൻ വർഷത്തെ നിരക്കിൽ പ്രവർത്തിക്കാനുള്ള കൗൺസിൽ തീരുമാനം ഉള്ളതിനാൽ നഗരസഭയ്ക്ക് ഉണ്ടായ അധിക ചെലവ് നഷ്ടമായി കണക്കാക്കാനാവില്ലെന്നുമുള്ള റിപ്പോർട്ട് പരിഗണിക്കാതെ 04.01.2014 ൽ കൊച്ചി നഗരസഭയിൽ നിന്നും ട്രാൻസ്ഫർ ആയിപ്പോയ ടിയാളുടെ മേൽ 01.04.2014 മുതലുള്ള കൊച്ചി നഗരസഭയുടെ സാമ്പത്തിക നഷ്ടം ചുമത്തി തന്റെ രണ്ട് വർഷത്തെ ഇൻക്രിമെന്റ് സഞ്ചിതഫലപ്രാബല്യത്തോടെ തടയുന്നതിനുള്ള തീരുമാനം പുനഃപരിശോധിച്ച് ഈ സംഭവത്തിൽ ഒരു കാരണവശാലും കുറ്റക്കാരിയല്ലാത്ത ടിയാൾക്കെതിരെയുള്ള ശിക്ഷാ നടപടികൾ അവസാനിപ്പിച്ച് കുറ്റവിമുക്തയാക്കണമെന്ന് ടിയാൾ അഭ്യർത്ഥിക്കുകയുണ്ടായി.

7. ശ്രീമതി രാജേശ്വരി എൽ. സമർപ്പിച്ച മറുപടിയിൻമേൽ, പരാമർശം 8 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ, 2014-15 വർഷത്തെ ടെണ്ടർ നടപടികൾ തുടങ്ങുന്നതിനാവശ്യമായ ഫയൽ 25-10-2013 തിയ്യതിയിൽ തന്നെ ആരംഭിച്ച് നടപടികൾ സ്വീകരിച്ചതായി കാണുന്നതായും ആദ്യ ഘട്ടത്തിൽ ടെൻഡർ നിബന്ധനകൾ തയ്യാറാക്കി ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ഫയൽ മൂവ്മെൻറിന് അൽപ്പം കാലതാമസം വന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ആയത് കൊണ്ടുമാത്രമാണ് ആ വർഷത്തെ ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കാതിരുന്നത് എന്ന് കണ്ടെത്താൻ കഴിയാത്തതാണെന്നും എന്നിരുന്നാലും ഫയൽ ആരംഭിച്ചതിന്റെ തുടക്കത്തിൽ സെക്ഷൻ ക്ലാർക്കുമാരായിരുന്ന ശ്രീമതി. രാജേശ്വരി എൽ, എന്നിവരുടെ ഭാഗത്ത് വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് സമയബന്ധിതമായി നടപടി ഉറപ്പാക്കുന്നതിൽ മനപ്പൂർവ്വമല്ലാത്ത ജാഗ്രത കുറവ് സംഭവിച്ചിട്ടുള്ളതായി നിരീക്ഷിയ്ക്കുന്നതായും അറിയിക്കുന്നു. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്ന് വിശദാംശങ്ങൾ സമയബന്ധിതമായി ശേഖരിച്ച് തുടർനടപടി സ്വീകരിയ്ക്കുന്നതിന് ഉദ്യോഗസ്ഥർ ബാധ്യസ്ഥരായിരുന്നു. എന്നിരുന്നാലും കോർപ്പറേഷൻ പോലുള്ള ഒരു വലിയ തദ്ദേശസ്ഥാപനത്തിൽ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ, ഒന്നിലധികം സെക്ഷനിൽ ഫയൽ കൈകാര്യം ചെയ്ത്, വിവിധ കമ്മിറ്റികൾ എന്നിവയിലൂടെ കടന്നുപോയിട്ടുള്ള ഫയലാണ് എന്നതു കൂടി പരിഗണിയ്ക്കാവുന്നതാണ്. കാരണം കാണിക്കൽ നോട്ടീസിൽ ആരോപിക്കുന്നത് പ്രകാരം, 2014-2015 വർഷത്തെ ടെണ്ടർ നടപടികൾ വൈകിപ്പിയ്ക്കാൻ കുറ്റാരോപിത മനഃപ്പൂർവ്വമായി

ശ്രമിച്ചു എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന വിവരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

8. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി കോർപ്പറേഷനിൽ 2014-15 വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ടിപ്പർ ലോറികൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയതിൽ നഗരസഭാ ജീവനക്കാർക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതാണ് എന്നിരുന്നാലും കാലതാമസത്തിന്റെ പരിപൂർണ്ണ ഉത്തരവാദിത്തം മേൽജീവനക്കാരിൽ മാത്രം നിക്ഷിപ്തമായിരുന്നില്ല എന്നും ശ്രീമതി. എൽ. രാജേശ്വരി 04.01.2014 ൽ കൊച്ചി നഗരസഭയുടെ സേവനത്തിൽ നിന്നും വിടുതൽ ചെയ്ത് തൃപ്പൂണിത്തുറ നഗരസഭയിലേക്ക് സ്ഥലംമാറി പോയിട്ടുള്ളതാണെങ്കിലും പരാമർശിത വിഷയത്തിൽ മുൻ സാമ്പത്തികവർഷം തന്നെ നടപടികൾ സമയബന്ധിതമായി ചെയ്യേണ്ടതുണ്ടായിരുന്നു എന്നും കാണുകയുണ്ടായി.

9. മേൽ സാഹചര്യത്തിൽ വിജിലൻസ് മിന്നൽ പരിശോധന റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ കൊച്ചി കോർപ്പറേഷനിൽ സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി രാജേശ്വരി എൽ.-നെതിരെ KCS(CC&A)Rules, 1960 Rule 15 പ്രകാരം ആരംഭിച്ചിരുന്ന അച്ചടക്കനടപടി ടിയാളുടെ ഒരു വാർഷികവേതന വർദ്ധനവ് ആറു മാസത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി രാജേശ്വരി എൽ. മുൻ സീനിയർ ക്ലർക്ക്, കൊച്ചി നഗരസഭ
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 09-01-2026 10:20:48
സെക്ഷൻ ഓഫീസർ